# പതിമൂന്നാം കേരള നിയമസഭ

## പന്ത്രണ്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 3918** **15.12.2014-ൽ മറുപടിയ്ക്ക്**

**പട്ടയ ഭൂമിയിലെ മരങ്ങൾ വെട്ടിമാറ്റുന്നത് തടയുന്നതിനെതിരെ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. റ്റി.യു.കുരുവിള | | ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>(വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി | |
| (എ) | വനങ്ങളോടു ചേർന്നുള്ള പട്ടയ ഭൂമിയിൽ നിന്നും കർഷകർ വച്ചുപിടിപ്പിച്ച പ്ലാവ് ഉൾപ്പെടെയുള്ള മരങ്ങൾ വെട്ടിമാറ്റുന്നതിന് വനംവകുപ്പ് അനാവശ്യമായി തടസ്സം നിൽക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ, ആയത് പരിഹരിക്കുവാൻ എന്തൊക്കെ നടപടികൾ ഉണ്ടാകുമെന്ന് വ്യക്തമാക്കുമോ ; | (എ) | ഇല്ല. നിലവിലെ റവന്യൂ, വനം വകുപ്പുകളുടെ നിയമങ്ങൾ പ്രകാരമുള്ള നടപടികൾ മാത്രമാണ് വനം വകുപ്പ് സ്വീകരിക്കുന്നത്. മേൽ നിയമങ്ങൾ കർഷകർക്ക് ബുദ്ധിമുട്ടുണ്ടാക്കാത്ത രീതിയിൽ ഭേദഗതി ചെയ്യാനുള്ള നടപടികൾ റവന്യൂ, വനം വകുപ്പുകൾ എടുത്തു വരുന്നുണ്ട്. |
| (ബി) | കാലവർഷക്കെടുതികളിൽ കടപുഴകിയ പട്ടയ ഭൂമിയിലെ മരങ്ങൾ വെട്ടിമാറ്റുന്നതിന് വകുപ്പ് എതിരു നിൽക്കുന്നത്, വൈദ്യുതി പുനഃസ്ഥാപിക്കുന്നതിനും റോഡുകൾ ഗതാഗത യോഗ്യമാക്കുന്നതിനും തടസ്സമാകുന്നത് പരിഹരിക്കുവാൻ എന്തൊക്കെ നടപടികൾ ഉണ്ടാകുമെന്ന് വ്യക്തമാക്കുമോ ; | (ബി) | കാലവർഷക്കെടുതുകളിൽ കടപുഴകിയ മരങ്ങൾ വെട്ടിമാറ്റാൻ വനം വകുപ്പ് തടസ്സം നിൽക്കാറില്ല. നിയമപ്രകാരം പട്ടയഭൂമികളിൽ വൈദ്യുതി പുനഃസ്ഥാപിക്കുന്നതിനും, റോഡുകൾ ഗതാഗത യോഗ്യമാക്കുന്നതിനും വനംവകുപ്പ് എതിര് നിൽക്കാറില്ല. |

| | | | |
|---|---|---|---|
| (സി) | മരങ്ങൾ ഒന്നുമില്ലാതെ, തരിശ്ശായി പട്ടയം ലഭിച്ച സ്ഥലത്ത് കർഷകർ വച്ച് പിടിപ്പിക്കുന്ന മരങ്ങൾ വെട്ടുന്നതിന് അധികാരമില്ലെന്ന് ചില പട്ടയങ്ങളിൽ രേഖപ്പെടുത്തി യിട്ടുള്ളത് തിരുത്തുവാനും കർഷ കരെ സഹായിക്കുന്ന നടപടികൾ ഉണ്ടാകുവാനും ആവശ്യമായ നടപടികൾ സ്വീകരിക്കുമോ? | (സി) | പട്ടയ ഭൂമിയിൽ കർഷകർ വച്ചു പിടിപ്പിക്കുന്ന മരങ്ങൾ അവർക്ക് മുറിയ്ക്കാൻ സാധ്യമാകുന്ന രീതി യിൽ നിയമം ഭേദഗതി ചെയ്യാൻ നടപടി സ്വീകരിച്ചു വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ